# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5748 — 18.11.2019-ൽ മറുപടിക്ക്

**<u>നെടുമങ്ങാട് മണ്ഡലത്തിലെ പുരാവസ്തു വകുപ്പ് പ്രവർത്തനം</u>**

**ചോദ്യം**

ശ്രീ.സി. ദിവാകരൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു സംരക്ഷണ വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം പുനഃസജ്ജീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. നവീനരീതിയിൽ സജ്ജീകരിച്ചിട്ടുള്ള കോയിക്കൽ കൊട്ടാര മ്യൂസിയം ഒട്ടനവധി സന്ദർശകരെ ആകർഷിച്ചു വരുന്നു. കൂടാതെ പരിസര വികസന, സന്ദർശക സൗഹൃദ പദ്ധതികളുടെ ഭാഗമായി കൊട്ടാരത്തിനു ചുറ്റും പുൽത്തകിടി, സന്ദർശകർക്കായി ഇരിപ്പിട സൗകര്യങ്ങൾ, ശുചിമുറികൾ, സുരക്ഷയ്ക്കായി CCTV തുടങ്ങിയവ സ്ഥാപിച്ചു. നിലവിൽ മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതികൾ നടന്നു വരുന്നു. നവീന നാണയ ഗ്യാലറി, സന്ദർശകർക്കായുള്ള curioshop, cafeteria എന്നിവ താമസിയാതെ പ്രവർത്തനക്ഷമമാകും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് 73,18,787/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ